**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1893 15.07.2016 ന് മറുപടിയ്ക്ക്.

**വനം വകുപ്പിന്റെ ആധുനികവൽക്കരണത്തിന് കേന്ദ്ര സഹായം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.മുഹമ്മദ് മുഹസിൻ,പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനംവകുപ്പിന്റെ ആധുനികവല്ക്കരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്രകോടിയുടെ വീതം സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) വനം വകുപ്പിന്റെ ആധുനികവല്ക്കരണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം തേടിയിട്ടുണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിലേക്ക് 1642.50 ലക്ഷം രൂപ 14-ാം ധനകാര്യ കമ്മീഷനിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) വനവാസികളായ പട്ടികവർഗ്ഗവിഭാഗങ്ങളുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗക്കാരുൾപ്പെട്ട അർഹതപ്പെട്ട 800 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 80 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 2011-12, 2012-13, 2014-15 എന്നീ വർഷങ്ങളിലായി 17.80 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് 185 കുടുംബങ്ങളെ വന്യജീവി സങ്കേതത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു. പുനരധിവസിപ്പിക്കപ്പെടുന്ന ഓരോ കുടുംബത്തിനും 10 ലക്ഷം രൂപയാണ് നൽകി വരുന്നത്. പദ്ധതിയുടെ ബാക്കി വിഹിതമായ 62.20 കോടി രൂപ ഒരു തവണയായി ഈ സാമ്പത്തിക വർഷം തന്നെ ലഭ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ 06.04.2015 ലെ 12829/D2/2014/ F&WLD നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗോളൂർ, അമ്മവയൽ, കൊട്ടങ്കര, അരകുഞ്ചി, വെള്ളക്കോട്, കുറിച്ചിയാട് എന്നീ സെറ്റിൽമെന്റുകളിൽ നിന്ന് യഥാക്രമം 29, 20, 64, 4, 2, 66 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആകെ 185 കുടുംബങ്ങളിൽ 167 പേർക്ക് 10 ലക്ഷം രൂപ വീതവും 18 കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 6 ലക്ഷം രൂപ |

വീതവും നൽകിയതിലൂടെ 17.78 കോടി രൂപ ആകെ നൽകിയിട്ടുണ്ട്. 17.07.2015 ലെ ഉത്തരവ് പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കടമായി ലഭിച്ച 7.4 കോടി രൂപ ഉപയോഗിച്ച് കുറിച്ചിയാട്, ഈശ്വരക്കൊല്ലി, നരിമാന്തിക്കൊല്ലി സെറ്റിൽമെന്റുകളിലെ ആദിവാസികളെ പുനരധിവസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2015-16 ൽ ലഭിച്ച 2.7 കോടി രൂപ ഉൾപ്പെടെ ആകെ 20.5 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകൾ, പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി 100 കോടി രൂപയും വനവാസികളായ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 100 കോടി രൂപയും, വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുള്ള പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 200 കോടി രൂപയും കേന്ദ്ര സഹായമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതു കൂടാതെ വനത്തിനുള്ളിൽ വസിക്കുന്ന ജനങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള പാക്കേജിൽ കൂടുതൽ തുക അനുവദിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ